# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3182

13/03/2017 ൽ മറുപടിക്ക്

## തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിങ്ങ്

| | ചോദ്യം<br>പ്രൊ. ആബിദ് ഹുസൈൻ തങ്ങൾ : | | ഉത്തരം<br>ഡോ. കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | സംസ്ഥാനത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിംഗ് സംവിധാനത്തെക്കുറിച്ച് വിശദമായ വിവരം ലഭ്യമാക്കുമോ ; | എ) | സംസ്ഥാനത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിംഗ് സുഗമമായി നടത്തപ്പെടുന്നതിനായി 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെയും കേരള മുനിസിപ്പാലിറ്റി ആക്ടിലെയും വകുപ്പുകൾ പ്രകാരവും തുടർന്ന് പാസ്സാക്കിയ 1997 -ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ പ്രകാരവും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധന, പെർഫോമൻസ് ആഡിറ്റ്, സ്പെഷ്യൽ ഓഡിറ്റ്, അക്കൗണ്ടന്റ് ജനറൽ നടത്തുന്ന ഓഡിറ്റ് എന്നിവ നിലവിലുണ്ട്. ഇവ കൂടാതെ ധനകാര്യ വിഭാഗത്തിന്റെ പരിശോധനയും സ്റ്റോർ പർച്ചേയ്സ് വകുപ്പിന്റെ പരിശോധനയും നടത്താറുണ്ട്.<br>കേരള പഞ്ചായത്ത് രാജ്, കേരള നഗരപാലിക നിയമങ്ങൾ പ്രകാരം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരവ്-ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്ത് തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങൾക്കും സർക്കാരിനും റിപ്പോർട്ട് നൽകുന്ന ചുമതല ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറിലാണ് നിക്ഷിപ്തമായിരിക്കുന്നത്. എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം അവസാനിച്ച് അടുത്ത ജൂലായ് 31-ന് മുമ്പ് വരവ്-ചെലവ് കണക്കുകളുടെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി ആഡിറ്റിനായി ലോക്കൽ ഫണ്ട് വകുപ്പ് അധികാരികൾക്ക് നൽകണം. ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സമാഹൃത ആഡിറ്റ് റിപ്പോർട്ട് എല്ലാ വർഷവും സംസ്ഥാന നിയമസഭ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ കീഴിൽ എല്ലാ ജില്ലകളിലും ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.<br>പെർഫോമൻസ് ഓഡിറ്റ് എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായി വികസനപരവും ജനക്ഷേമപരവും ആയ ചുമതലകളും ആ പഞ്ചായത്തിനെ ഏൽപ്പിച്ച സാമ്പത്തികവും നിയന്ത്രണപരവുമായ അധികാരങ്ങളും, നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായി നിർവ്വഹിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനും പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ |

| | | | |
|---|---|---|---|
| | | | പരിഹരിക്കാൻ യഥാസമയം അതിന് നിർദ്ദേശങ്ങൾ നല്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഇന്റേർണൽ പരിശോധനാ സംവിധാനമാണ്.<br>ഏതെങ്കിലും പ്രത്യേക കാര്യത്തിനോ, കാര്യങ്ങൾക്കോ പ്രത്യേക നിർദ്ദേശ പ്രകാരമോ ഉദ്ദേശത്തോടെയൊ നടത്തപ്പെടുന്നതാണ് സ്പെഷ്യൽ ഓഡിറ്റ്. കൂടാതെ ഏതെങ്കിലും പഞ്ചായത്ത് ആവശ്യപ്പെടുന്നതനുസരിച്ചോ, സർക്കാർ നിർദ്ദേശ പ്രകാരമോ അഥവാ പെർഫോമൻസ് ആഡിറ്റ് അതോറിറ്റിക്ക് ബോദ്ധ്യപ്പെടുന്നതനുസരിച്ചോ പ്രത്യേക ആഡിറ്റ് ഏർപ്പെടുത്താവുന്നതാണ്. തദ്ദേശ സ്വയം ഭരണ സെക്രട്ടറിയാണ് പെർഫോമൻസ് ആഡിറ്റ് അതോറിറ്റി. അദ്ദേഹത്തെ സഹായിക്കാൻ സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിന്റെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. എല്ലാ മാസവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഭരണപരവും സാമ്പത്തികവുമായ നടപടികൾ അവലോകനം ചെയ്ത് ശരിയായ ഭരണം ഉറപ്പുവരുത്തുകയാണ് പെർഫോമൻസ് ആഡിറ്റ് ചെയ്യുന്നത്. തെറ്റുകൾ തിരുത്തുന്നതിനും അവ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനും പെർഫോമൻസ് ആഡിറ്റ് ഊന്നൽ നൽകുന്നു. മുൻസിപ്പൽ കോർപ്പറേഷനുകളിൽ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിനായി സർക്കാർ നേരിട്ട് മൂന്ന് റീജിയണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ടി ഓഫീസർമാരുടെ നേതൃത്വത്തിലാണ് കോർപ്പറേഷനുകളിൽ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നത്. |
| ബി) | ഓഡിറ്റിംഗ് ഫലപ്രദമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ നടപടികൾ എടുത്തിട്ടുണ്ട് ; | ബി) | ഇല്ല. |
| സി) | ഓഡിറ്റിംഗിൽ കുറ്റക്കാരെന്നു കണ്ടെത്തിയവർക്കെതിരെ എടുത്ത നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ; | സി) | ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് പ്രകാരവും കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരവും എ.ജി. യുടെ നിലവിലുള്ള നിയമാവലികളും അടിസ്ഥാനമാക്കിയും ധനകാര്യ വിഭാഗത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും കാര്യക്ഷമവും കർശനവുമായി സർവ്വീസ് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന രീതിയിൽ കുറ്റക്കാർ എന്നു കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാറുണ്ട്. |
| ഡി | കുറ്റമറ്റ രീതിയിൽ ഓഡിറ്റിംഗ് നടത്താൻ നടപടി സ്വീകരിക്കുമോ ; ഓഡിറ്റിംഗ് നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ ; | ഡി) | കുറ്റമറ്റ രീതിയിൽ ഓഡിറ്റിംഗ് നടത്താൻ കാലാകാലങ്ങളിൽ ആഡിറ്റ് സംവിധാനത്തിൽ പരിഷ്കാരങ്ങൾ വരുത്താറുണ്ട്. പെർഫോമൻസ് ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് |

| | | | |
|---|---|---|---|
| | | | ഓഫീസർ വിളിച്ച ചേർക്കുകയും വ്യക്തമായ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ സമയാസമയങ്ങളിൽ പെർഫോർമൻസ് ഓഡിറ്റ് ഉദ്യോഗസ്ഥർക്ക് കിലയിൽ (KILA - Kerala Institutue of Local Administration) വച്ച് പരിശീലനം നല്കുന്നുണ്ട്.<br>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തുന്ന ഓഡിറ്റ് അന്താരാഷ്ട്ര ഓഡിറ്റ് നിലവാര നിഷ്കർഷ പാലിക്കുന്ന വിധം ക്രമപ്പെടുത്തുന്നതിനായി ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്ന നടപടികൾ തദ്ദേശമിത്രം പദ്ധതിയുടെ ഭാഗമായി പൂർത്തിയായി വരുന്നു.<br>സംസ്ഥാന ഓഡിറ്റ് വകുപ്പിൽ പത്തനംതിട്ട ജില്ലാ ഓഡിറ്റ് കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. വി.കെ. ഷാജിക്കെതിരെ ഏറത്ത് ഗ്രാമ പഞ്ചായത്തിലെ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. പരാതിയിന്മേൽ അന്വേഷണം നടന്നു വരുന്നു. |
| ഇ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേലധികാരികൾ നൽകുന്ന വിശദീകരണങ്ങൾ ഇത്തരം ഓഫീസർമാർ കേൾക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ നടപടി സ്വീകരിക്കുമോ ? | ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മേലധികാരികൾ നൽകുന്ന വിശദീകരണങ്ങൾ കൂടി പരിഗണിച്ചാണ് ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ